LIBRARY ARCHIVES Kerala Legislative Assembly

(25) കിടങ്ങറ ചർച്ച് പാലം പുനർ നിർമ്മാണം

ശ്രീ. ജോബ് മൈക്കിൾ: സർ, ചങ്ങനാശ്ശേരി-ആലപ്പുഴ ബോട്ട് റൂട്ടിലെ കനാലിൽ കിടങ്ങറയിൽ നിർമ്മിച്ചിട്ടുള്ള കിടങ്ങറ ചർച്ച് പാലത്തിന്റെ ഉയരക്കുറവു കാരണം ഈ റൂട്ടിലുള്ള ജലഗതാഗതം ചങ്ങനാശ്ശേരിയിലേയ്ക്കും അവിടെനിന്ന് തിരിച്ചുമുള്ളത് അസാധ്യമാണ്. 2018-ലെയും 2019-ലെയും പ്രളയകാലത്ത് ജനങ്ങൾക്ക് അതിലൂടെ യാത്ര ചെയ്ത് സുരക്ഷിതമായ സ്ഥലത്ത് എത്താൻ സാധിക്കാത്ത സ്ഥിതിവിശേഷമാണ് ഈ പാലംമൂലമുണ്ടായത്. അന്നുതന്നെ ഈ പാലത്തിന്റെ കാര്യം സംസാരിക്കുകയും അത് പൊളിച്ച് പുതിയ പാലം നിർമ്മിക്കാൻവേണ്ട നടപടി സ്വീകരിക്കാമെന്ന് ഉറപ്പ് നൽകിയിരുന്നതുമാണ്. ഇപ്പോൾ 39.99 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. ഈ പാലം പൊളിച്ച് ഗതാഗത സൗകര്യത്തോടുകൂടിയ പുതിയൊരു പാലം നിർമ്മിക്കുക എന്നത് ജനങ്ങളുടെ ഏറെ നാളായുള്ള ആഗ്രഹമാണ്. അതുകൊണ്ട് ഈ പാലത്തിന്റെ പണി 'റീബിൽഡ് കേരള ഇനീഷ്യേറ്റീവ് '-ൽ ഉൾപ്പെടുത്തി 39.99 കോടി രൂപയുടെ വർക്കിന് എ.എസ്. നൽകണമെന്ന് ബഹുമാന്യനായ മന്ത്രിയോട് അഭ്യർത്ഥിക്കുന്നു, പാലത്തിന്റെ ഡിസൈൻ ആർച്ച് ആകൃതിയിൽ നൽകണമെന്നും ആവശ്യപ്പെടുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, ആലപ്പുഴ-ചങ്ങനാശ്ശേരി ബോട്ട് റൂട്ട് കനാലിൽ കിടങ്ങറയിൽ നിർമ്മിച്ചിട്ടുള്ള കിടങ്ങറ ചർച്ച് പാലത്തിന്റെ പുനർ നിർമ്മാണത്തിനുള്ള പദ്ധതി നിർദ്ദേശമാണ് ഇവിടെ ഉന്നയിച്ചത്. പാലം നിർമ്മാണത്തിനും ലാൻഡ് അക്വിസിഷനുംവേണ്ടി 39.99 കോടി രൂപയുടെ എസ്റ്റിമേറ്റ് 14-10-2020-ൽ റീബിൽഡ് കേരള ഇനീഷ്യേറ്റീവിൽ സമർപ്പിച്ചിട്ടുണ്ട്. അവിടെനിന്നുള്ള മറുപടിക്കായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നുണ്ട്. ഇതിന്റെ ഗൗരവം കണക്കിലെടുത്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(26) കീഴില്ലം-പാണിയേലിപ്പോര് റോഡ് നിർമ്മാണം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പെരുമ്പാവൂരിൽ കിഫ്ബിയിലൂടെ അനുവദിച്ചുകിട്ടിയ രണ്ട് റോഡുകളാണ് മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ്, കീഴില്ലം-പാണിയേലിപ്പോര് റോഡ് എന്നിവ. ഇതിൽ മണ്ണൂർ-പോഞ്ഞാശ്ശേരി റോഡ് നിർമ്മാണം പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. കിഫ്ബിയിലൂടെ ഒരു റോഡ് ഏറ്റെടുത്തുകഴിഞ്ഞാൽ അത് പൂർത്തീകരിക്കുന്നതിന് ഒരുപാട് കാലതാമസമുണ്ടാകുന്നു. ഈ വർക്കുതന്നെ പൊതുമരാമത്ത് വകുപ്പ് നേരിട്ട് നടത്തുകയാണെങ്കിൽ ഒന്നര വർഷംകൊണ്ട് തീരും. 2017-ൽ അനുമതി കിട്ടിയ വർക്ക് ഇപ്പോഴും

LIBRARY ARCHIVES Kerala Legislative Assembly

തുടരാൻ കഴിഞ്ഞിട്ടില്ല. പാണിയേലിപ്പോര് വിനോദസഞ്ചാര കേന്ദ്രത്തിലേയ്ക്ക് പോകുന്ന ഈ റോഡ് 17 കിലോമീറ്ററാണ്. കിഫ്ബി ഏറ്റെടുത്ത വർക്കായതുകൊണ്ട് പൊതുമരാമത്ത് വകുപ്പ് ഈ റോഡ് നിർമ്മിക്കുന്നില്ല. ഇൻവെസ്റ്റിഗേഷനും ടെണ്ടറും മണ്ണ് പരിശോധനയും നടത്തി. 5 വർഷമായി പൊട്ടിപ്പൊളിഞ്ഞ് കിടക്കുന്ന ഈ റോഡ് ഇതുവരെ നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല. ഈ റോഡ് നിർമ്മിക്കാൻ ചില സ്ഥലങ്ങളിൽ 10 മീറ്റർ വീതി ഇല്ലാത്തതുകൊണ്ട് സ്ഥലം ഏറ്റെടുക്കണമെന്നാണ് കിഫ്ബി പറയുന്നത്. സ്ഥലം ഏറ്റെടുക്കാൻ പോയാൽ ഇനിയും 10-15 വർഷമെടുക്കും. നിലവിലുള്ള വീതി വച്ച് കിഫ്ബിയിലൂടെയോ അല്ലെങ്കിൽ പൊതുമരാമത്ത് വകുപ്പിലൂടെയോ ഇക്കാര്യം ചെയ്യാനുള്ള നടപടികളുണ്ടാകണം. ഏറ്റവും വലിയ വിനോദസഞ്ചാര കേന്ദ്രമാണ് പാണിയേലിപ്പോര്. ഒരു യുവാവ് എന്ന രീതിയിലും മികച്ച രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കുന്നുവെന്നുള്ളതുകൊണ്ടും അങ്ങയെ ഞാൻ അങ്ങോട്ട് ക്ഷണിക്കുന്നു. പെരുമ്പാവൂരിൽ നിരവധി ടൂറിസ്റ്റ് കേന്ദ്രങ്ങളുണ്ട്. എത്രയുംവേഗം പ്രസ്തുത റോഡ് നിർമ്മാണം പൂർത്തിയാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): സർ, പൊതുമരാമത്ത് വകുപ്പ് മൂവാറ്റുപുഴ ഡിവിഷന് കീഴിലുള്ള കീഴില്ലം-പാണിയേലിപ്പോര് റോഡിന് 2017-18 കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി തത്വത്തിൽ ഭരണാനുമതി നൽകിയിരുന്നു. കുറുപ്പംപടി മുതൽ പാണിയേലിപ്പോര് വരെയുള്ള പ്രദേശത്ത് കിഫ്ബി മാനദണ്ഡപ്രകാരം റോഡ് വികസിപ്പിക്കാൻ ഭൂമി ലഭ്യമാകുന്നതിന് തടസ്സങ്ങളുണ്ടായിരുന്നു. റോഡിന്റെ ആദ്യഭാഗമായ കീഴില്ലം മുതൽ കുറുപ്പംപടി വരെയുള്ള 6.4 കിലോമീറ്റർ ഭാഗത്ത് കുറച്ച് സ്ഥലങ്ങളിൽ മാത്രമേ സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ടതായി വരുന്നുള്ളൂ. ഇവിടെ ജനങ്ങൾ free surrender ആയി ഭൂമി വിട്ടുനൽകാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു. അതിനാൽ ഈ പ്രവൃത്തി കീഴില്ലം മുതൽ കുറുപ്പംപടിവരെ മാത്രം ആദ്യഘട്ടമായി പരിഗണിക്കാൻ ബഹുമാനപ്പെട്ട പെരുമ്പാവൂർ എം.എൽ.എ. ആവശ്യപ്പെട്ട പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുകയും പ്രവൃത്തിയുടെ പേര് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. കീഴില്ലം മുതൽ കുറുപ്പംപടി വരെയുള്ള 6.4 കിലോമീറ്റർ ഭാഗത്ത് നടത്തിയ അഡീഷണൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് പരിശോധിച്ചുവരുന്നു. കിഫ്ബി പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി രൂപീകരിച്ചിട്ടുള്ള കെ.ആർ. എഫ്.ബി. വിംഗിലേയ്ക്ക് പ്രവൃത്തി കൈമാറുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതാണ്. ഇക്കാര്യത്തിൽ അതിന്റേതായ ഗൗരവത്തിൽ ഇടപെടുന്നതാണ്.